(ബി) ഉണ്ടെങ്കിൽ പ്രസ്തുത വെടിവയ്പുമൂലം എത്രപേർക്ക് പരുക്ക് പറ്റിയിട്ടുണ്ട് ;

(സി) തൊഴിലാളികളുടെ നേരെ വെടിവച്ച മാനേജ്മെൻറിന്റെ പേരിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്നും ഗവണ്മെൻറിൽ നിന്നും വ്യക്തമാക്കുമോ ;

(ഈ) പ്രസ്തുത വെടിവയ്പിനു മുൻപു മാനേജ്മെൻറ് ഗുണ്ടാകളെ അഴിച്ചുവിട്ട് തൊഴിലാളികളെയും തൊഴിലാളി പ്രവർത്തകരേയും ഭീഷണിയായി മർദ്ദിക്കുകയുണ്ടായി എന്നു അവരിൽനിന്നും അധികൃതസ്ഥാനങ്ങളിലേക്ക് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) രണ്ടുപേർക്ക്.

(സി) ഉണ്ട്.

(ഡി) എസ്റ്റേറ്റ മാനേജർ ശ്രീ. റ്റി. വി. പളനിസ്വാമിനായിഡുവിന്റെ പേരിൽ ഇൻഡ്യൻ ശിക്ഷാനിയമം 326, 324 എന്നീ വകുപ്പുകൾ അനുസരിച്ച് വിതുര സ്റ്റേഷനിൽ ക്രൈം നമ്പർ 14/55 രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീ. നായിഡുവിനെ അറസ്റ്റുചെയ്ത് നെടുമങ്ങാട് സ്റ്റേഷനറി ഒന്നാംക്ലാസ് മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കി. കോടതി അദ്ദേഹത്തിനു ജാമ്യം അനുവദിച്ചു.

(ഇ) ഉണ്ട്.

(എഫ്) കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയശേഷം കോടതികളിൽ വിചാരണയ്ക്കായി അയച്ചിട്ടുണ്ട്.

STARRED QUESTIONS POSTED FOR ANSWER ON 16-4-1955

ഗതാഗതസൗകര്യം

* 734. [49] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെക്കാണുന്ന ചോദ്യത്തിനു പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തെ ഗതാഗതസൗകര്യമില്ലാത്ത ഗ്രാമപ്രദേശങ്ങളിൽ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിനു ഗവണ്മെൻറിൽ നിന്നും എന്തെങ്കിലും പദ്ധതികൾ, ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാം ;

(സി) നെടുമങ്ങാട് താലൂക്കിലെ ഗ്രാമപ്രദേശങ്ങൾ പൊതുവെ ഗതാഗതസൗകര്യം കുറഞ്ഞവയാണെന്ന ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) പാലോട് നിയോജകമണ്ഡലത്തിൽപ്പെട്ട് വളരെ അധികം ജനവാസമുള്ളതും പബ്ലിക്ക് സ്ഥാപനങ്ങളുള്ളതും ആയ പനയമുട്ടം എന്ന സ്ഥലത്തേക്ക് ചുള്ളിമാനൂർ എന്ന സ്ഥലത്തുനിന്നും ഒരു റോഡു വെട്ടി അവിടത്തെ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പ്രാതുജനങ്ങളിൽനിന്നും എന്തെങ്കിലും, നിവേദനങ്ങൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. പി. വേലായുധൻ):

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഈ പണിക്കുള്ള എസ്റ്റിമേറ്റ് അനുവദിച്ചുകഴിഞ്ഞ അതിലേക്കാവശ്യമുള്ള സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Kannan Devan Hill Produce Co., Limited.

*735. [51] **Shri P. V. Avira Tharakan:** Will the Minister for Land Revenue be pleased to state:

(a) what are the terms of agreement between the Government and the K. D. H. P. Co., Ltd., made in 1944;

(b) The amount paid by the Company to our Government as Agricultural Income Tax and Sales Tax;

(c) What is the capital investment of the said Company;

(d) The amount of profit made by them in the years 1949, 1950, 1951, 1952?

Home Minister **(Shri A. J. John):** (a) †Copy of the agreement dated 19-12-1944 is placed on the table.

(b) The Sales tax and Agricultural income tax Laws now in force do not permit the disclosure of the information.

(c) The issued capital of the company according to the balance sheet for the year 1953 is Rs. 13,00,000.

(d) The information cannot be divulged according to the Rules now in force.

STARRED QUESTIONS POSTED FOR ANSWER ON 18-4-1955

Surfaced roads.

*736. [26] **Shri M. Bhaskaran Nair:** Will the Minister for Works be pleased to state:

(a) how many miles of surfaced roads are there in our State:

(b) of that how many miles are in municipal urban areas;

(c) what is the respective length of concrete, tarcreted and semigrouted roads;

(d) what all methods of surfacing roads do we follow in this State;

† Please See Appendix VIII.

LIBRARY ARCHIVES Kerala Legislative Assembly